

ബംഗാളികൾക്ക് കേരളമാണ് ഗൾഫ്

# 'ഭീദി' വിളിച്ചിട്ടും 'ഭായിമാർ' പോയില്ല

മീര നായർ

## മമതയുടെ ഓഫറുകൾ

- മടങ്ങി വരുന്നവർക്ക് ബംഗാളിൽ ജോലി
- തൊഴിൽ കിട്ടുന്നതുവരെ പ്രതിമാസം 5000 രൂപ
- ഒരുവർഷം വരെ ഈ തുക ലഭിക്കും
- മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം
- കുടുംബത്തിന് ഭക്ഷ്യ ഭദ്രത ഉറപ്പാക്കും
- ആരോഗ്യ പദ്ധതികളുടെ ആനുകൂല്യം

ഇൻഡ്യയിൽ ഏറ്റവും ഉത്കൃഷ്ട പാരമ്പര്യമുള്ള സംസ്ഥാനമേത് എന്ന് ചോദിച്ചാൽ ഒറ്റ ഉത്തരമേയുള്ളൂ. – ബാംഗാൾ. ആ സംസ്ഥാനത്ത് മൂന്നര പതിറ്റാണ്ട് ഭരണം നടത്തിയ ഇടതുപക്ഷം പുതിയ തലമുറയെ ഒന്നടങ്കം വഴിയാധാരമാക്കി. കേരളത്തിലാകട്ടെ ഒരു പതിറ്റാണ്ട് അവർ ഭരിച്ചപ്പോൾ തന്നെ പുത്തൻ തലമുറ അവതാളത്തിലായി. ബംഗാളി യുവാക്കൾ വന്നത് കേരളത്തിലാണെങ്കിൽ കേരളത്തിലെ യുവാക്കൾ പോയത് ഏഷ്യൻ രാജ്യങ്ങളിലേയ്ക്ക് എന്ന വ്യത്യാസം മാത്രം.

ബംഗാൾ മുഖ്യമന്ത്രി മമതാ ബാനർജി ഒട്ടേറെ പ്രലോഭനങ്ങൾ വാഗ്ദാനം ചെയ്ത് കേരളത്തിൽ ജോലി ചെയ്യുന്ന ബംഗാളികളെ മടക്കി വിളിച്ചെങ്കിലും ഒരാൾ പോലും തിരിച്ചുപോകാൻ തയ്യാറായില്ല. കാരണം അവരെല്ലാം കേരളത്തിൽ അധ്വാനിച്ചുകൂട്ടിയ പണം കൊണ്ട് ഏറെക്കുറെ ധന്യമായ ജീവിതം പടുത്തുയർത്തിക്കഴിഞ്ഞു. കൂടുതൽ പേർകേരളത്തിലേയ്ക്ക് ഒഴുകുന്നതല്ലാതെ തിരികെ പോകുന്നവർ വളരെ വിരളം. കേരളീയർക്ക് ഗൾഫ് പോലെയാണ് ബംഗാളികൾക്ക് കേരളം. പശ്ചിമ ബംഗാളിൽ മൂന്നര പതിറ്റാണ്ട് ഭരണം നടത്തിയ സി.പി.എം. നേതൃത്വത്തിലുള്ള ഇടതുപക്ഷ ഗവൺമെന്റ് അവിടുത്തെ പുതിയ തലമുറയെ ഭിക്ഷാം ദേഹികളാക്കി മാറ്റി എന്നതാണ് യാഥാർത്ഥ്യം. ഇതംഗീകരിക്കാൻ

**വോട്ടർ പട്ടികയിലെ വെട്ടി നിരത്തൽ കൂടിയാണ് മമത യുടെ തിരിച്ചുവിളിക്ക് കാരണമെന്ന് വിലയിരു ത്തലുണ്ട്.. ശ്രമശ്രീ എന്ന പേരിലാണ് ഈ തിരിച്ചു വിളിക്കൽ പദ്ധതി പ്രഖ്യാപി ച്ചത്. മടങ്ങിവരുന്നവർക്ക് ബംഗാളിൽ ജോലി, തൊഴിൽ കിട്ടുന്നതുവരെ പ്രതിമാസം 5000 രൂപയുടെ വേതനം മക്കൾക്ക്, സൗജന്യ വിദ്യാഭ്യാസം, കുടുംബത്തിന് ഭക്ഷ്യഭദ്രത, ആരോഗ്യ പദ്ധതിയുടെ ആനുകൂല്യ ങ്ങൾ എന്നിവയാണ് മമതയുടെ പ്രലോഭനങ്ങൾ.**



സി.പി.എം. നേതൃത്വം ഇനിയും തയ്യാറായിട്ടില്ല. കാരണം കേരളത്തെ കൂടി ബംഗാളിന്റെ അവസ്ഥയിൽ കൊണ്ടെത്തിച്ചാൽ മാത്രമേ ആ പാർട്ടിയുടെ രാഷ്ട്രീയ ദൗത്യം പൂർത്തിയാകുന്നുള്ളൂ. ഏതാനും ദിവസങ്ങൾക്കകം അതും പൂർത്തീകരിക്കുന്നതോടെ ഇൻഡ്യൻ ഭൂപടത്തിൽ നിന്നും ചുവപ്പ് നിറം എന്നെന്നേയ്ക്കുമായി മാഞ്ഞുപോകും എന്നാണ് രാഷ്ട്രീയ വിദ്യാർത്ഥികൾ പഠിക്കുന്ന പാഠം.

കേരളത്തിൽ 35 ലക്ഷം അതി ഥി തൊഴിലാളികൾ ഉണ്ടെന്നാണ് കണക്ക്. ഇതിൽ ബംഗാളികൾ 41 ശതമാനം വരും. കേരളം ഉൾപ്പെ ടെയുള്ള സംസ്ഥാനങ്ങളിലേയ്ക്ക് 22 ലക്ഷം ബംഗാളികൾ കുടിയേറി യിട്ടുണ്ടെന്നാണ് കണക്ക്. വോട്ടർ പട്ടികയിലെ വെട്ടിനിരത്തൽ കൂടി യാണ് മമതയുടെ തിരിച്ചുവിളിക്ക് കാരണമെന്ന് വിലയിരുത്തലുണ്ട്.. ശ്രമശ്രീ എന്ന പേരിലാണ് ഈ തിരിച്ചുവിളിക്കൽ പദ്ധതി പ്രഖ്യാപിച്ചത്. മടങ്ങിവരുന്നവർക്ക് ബംഗാളിൽ ജോലി, തൊഴിൽ കിട്ടുന്നതുവരെ പ്രതിമാസം 5000 രൂപയുടെ വേതനം മക്കൾക്ക്, സൗജന്യ വിദ്യാഭ്യാസം, കുടുംബ ത്തിന് ഭക്ഷ്യഭദ്രത, ആരോഗ്യ പദ്ധതിയുടെ ആനുകൂല്യങ്ങൾ എന്നിവയാണ് മമതയുടെ പ്രലോ ഭനങ്ങൾ. മറ്റേത് സംസ്ഥാനത്തെ ക്കാളും മികച്ച കൂലി കേരളത്തിൽ കിട്ടുന്നതിനാൽ ബംഗാളികളാരും മടങ്ങിപ്പോവില്ലെന്നാണ് സംസ്ഥാന സർക്കാരിന്റെ കണക്കുകൂട്ടൽ.

എന്നാലും ബംഗാളികളെ മമത ആവർത്തിച്ച് തിരിച്ചുവിളിക്കു മ്പോൾ കേരളത്തിന് ചങ്കിടിപ്പുണ്ട്. കാരണം ബംഗാളികൾ മടങ്ങാൻ തുടങ്ങിയാൽ കേരളം നേരിടേണ്ടി വരിക ഗുരുതരമായ തൊഴിൽ ഭീഷ ണിയായിരിക്കും. കേരളത്തിൽ ഏറ്റവും മികച്ച കൂലി നിലവിലുള്ളതിനാൽ അങ്ങനെയൊരു ഭീഷണിക്ക് സമീപഭാവിയിലൊന്നും സാധ്യതയില്ല.

അതേ സമയം ബംഗ്ലാദേശിക ളെന്ന് മുദ്രകുത്തിയുള്ള വിദ്വേഷ പ്രചാരണം ഭീതി വിതച്ചത് കാര ണമുള്ള അരക്ഷിതത്വം ചിലയി ടങ്ങളിലുണ്ടെന്ന് സെന്റർ ഫോർ മൈഗ്രേഷൻ ആന്റ് ഇൻക്ലൂസീവ് ഡവലപ്മെന്റിന്റെ (സി.എം.ഐ.ഡി) എക്സിക്യൂട്ടീവ് ഡയറക്ടർ പറയുന്നു.

കേരളത്തിലെ കൂലി തന്നെ യാണ് മുഖ്യ ആകർഷണം കായി കാധ്വാനം ഏറെയുള്ള നിർമ്മാണ രംഗത്താണ് അവർ കൂടുതലായും ജോലി ചെയ്യുന്നത്. 15.7 ശതമാനം പേർ മരപ്പണി, ഫർണിച്ചർ, നിർമ്മാണ രംഗത്ത് 13.22 ശതമാനം പേർ തൊഴിലെടുക്കുന്നു. ഹോട്ടൽ, റെസ്റ്റോറന്റ് മുതൽ ജൂവലറി നിർമ്മാണ രംഗത്തുവരെ ബംഗാളി സാന്നിധ്യം ഏറെ.

ശരാശരി 800-900 രൂപയാണ് കൂലി. മേസ്തിരിക്ക് 1200 രൂപവരെയും വൈദഗ്ധ്യമുള്ളവർക്ക് ചുരുങ്ങിയത് 1000 രൂപ ലഭിക്കും. തൊഴിലിന്റെ സ്വഭാവമനുസരിച്ച് കൂലി കൂടും.

2011 ലെജന സംഖ്യ കണക്കെടുപ്പിൽ ഏറ്റവുമധിക പട്ടിക ജാതിക്കാരുള്ള രാജ്യത്തെ പത്തുജില്ലകളിൽ ഒമ്പതെണ്ണവും ബംഗാളിലാണ്. ഇതിൽ സൗത്ത് പർഗാനാസ്, നോർത്ത് 24 പർഗാനാസ്, ബർധമാൻ, നാദിയ, ജൽപായ്ഗുഡി ജില്ലകളിൽ നിന്നായി വൻ തോതിൽ ബംഗാളികൾ കേരള ത്തിലെ തൊഴിലിടങ്ങളിലുണ്ട്.

ബാംഗാളിൽ നിന്നുള്ള തൊഴി ലാളികളിൽ രണ്ടിലൊരാൾ മുസ്ലീം വിഭാഗത്തിൽപ്പെട്ടവരാണെന്ന് ആസൂത്രണ ബോർഡ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. എറണാകുളം പെരുമ്പാവൂരിലെ പ്ലൈവുഡ് മേഖലയിൽ മുർഷാദാബാദ്, ജൽപായ് ഗുഡി, കൂച്ച് ബീഹാർ, നാദിയ ജില്ലകളിൽ നിന്നുള്ളവർ ഏറെയുണ്ട്. പരമ്പരാഗത ഹിന്ദു മത്സ്യ തൊഴിലാളി മേഖലയായ സൗത്ത് 24 പർഗാനാസിൽ നിന്നുള്ളവരും കേരളത്തിലെ തീര പ്രദേശങ്ങളിൽ തൊഴിലെടുക്കുന്നത് കാണാം. എന്തായാലും ബംഗാളികൾ ഇന്ന് കേരളീയ ജീവിതത്തിൽ അലിഞ്ഞു ചേർന്നവരാണ്. ഒരു ശക്തിയും വേർപ്പെടുത്താനാകാത്തവിധം ആ ബന്ധം അനുദിനം ശക്തിപ്പെടുകയാണ്.
രണ്ട് വ്യത്യസ്ത സംസ്കാരങ്ങളുടെ ജീവിത രീതികളുടെ പാരമ്പര്യ ങ്ങളുടെ സമന്വയമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്.